1873/ 2020 C - 13
04/11/ 2020

**സർക്കുലർ**

**തൃശ്ശൂർ അതിരൂപത ഗായകസംഘം നിയമാവലി**

ദൈവാരാധനയിലെ അഭേദ്യമായ ഘടകമാണ് വിശുദ്ധഗീതങ്ങൾ (SC 112). ദൈവാലയ തിരുകർമ്മങ്ങളിലെ ഗാനങ്ങളിലും പ്രാർത്ഥനകളിലും വിശ്വാസികളുടെ സജീവപങ്കാളിത്തത്തിന് സഹായിക്കുന്നതിനായി പള്ളികളിൽ ഗായകസംഘങ്ങൾ ഉണ്ടായിരിക്കണമെന്നതാണ് സഭാദർശനം. ഈ ലക്ഷ്യത്തോടെ നമ്മുടെ അതിരൂപതയിലെ ഇടവകകളിലും ഗായകസംഘങ്ങൾ പുരാതനകാലം മുതൽ പ്രവർത്തിക്കുന്നുണ്ട്.

അതിരൂപതയിലെ ഇടവകകളിൽ പ്രവർത്തിക്കുന്ന ഗായകസംഘങ്ങളെ കൂട്ടിയിണക്കുക, ദൈവാലയസംഗീതത്തിന് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുക, അംഗങ്ങളുടെ ആധ്യാത്മിക പരിശീലനത്തിൽ ശ്രദ്ധിക്കുക, സംഗീതമേഖലയിൽ ക്രൈസ്തവസാക്ഷ്യവും വിലപ്പെട്ട സംഭാവനകളും നൽകാൻ അംഗങ്ങളെ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 'തൃശ്ശൂർ അതിരൂപത ഗായകസംഘം' എന്ന പേരിൽ ഗായകസംഘത്തെ ഒരു ഭക്തസംഘടനയായി സ്ഥാപിച്ചിട്ടുള്ളതാണ്.

തൃശ്ശൂർ അതിരൂപത ഗായകസംഘം ഒരു ഭക്തസംഘടനയായതിനാൽ (CCEO c.401, തൃശ്ശൂർ അതിരൂപതാ നിയമാവലി, 2015 :120 § 1), ഏകോപനസമിതിയിലെ അംഗത്വമുൾപ്പെടെ, എല്ലാ അവകാശങ്ങളും ഗായകസംഘത്തിന് ഉണ്ടായിരിക്കും. ഗായകസംഘത്തിന്റെ എല്ലാ യൂണിറ്റുകളും ഫൊറോന, അതിരൂപത സമിതികളിൽ അംഗങ്ങളായിരിക്കേണ്ടതാണ്. അതിരൂപതാധ്യക്ഷൻ നിയമിക്കുന്ന ഇടവക/ഫൊറോന/അതിരൂപത ഗായകസംഘ ഡയറക്ടറുടെ കീഴിൽ നിയമാവലിക്ക് അനുസൃതമായി വേണം ഗായകസംഘയൂണിറ്റുകൾ പ്രവർത്തിക്കേണ്ടത്.

ഈ "തൃശ്ശൂർ അതിരൂപത ഗായകസംഘനിയമാവലി" 2020 നവംബർ 22ന് വി. സിസിലിയുടെ തിരുനാൾ ദിനത്തിൽ പ്രാബല്യത്തിൽ വരുന്നതാണ്. **ഈ നിയമാവലി പ്രാബല്യത്തിൽ വരുന്നതോടെ അതിരൂപതയിലെ ഗായകസംഘവുമായി ബന്ധപ്പെട്ട മുൻനിയമാവലികളും മാർഗ്ഗരേഖകളും നിയമങ്ങളും അതിനാൽ തന്നെ റദ്ദാകുന്നതാണ്.**

തൃശ്ശൂർ അതിരൂപത കാര്യാലയത്തിൽ നിന്ന്
2020 നവംബർ 04ന് നൽകപ്പെടുന്നത്

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# തൃശ്ശൂർ അതിരൂപത ഗായകസംഘം (Trichur Archeparchial Choir) നിയമാവലി

## I ആമുഖം

1. വിശുദ്ധഗീതം ദൈവാലയ തിരുകർമ്മങ്ങളോടു ചേർക്കുന്നതിലൂടെ ഹൃദയ ഐക്യം പരിപോഷിപ്പിച്ച് തിരുകർമ്മങ്ങൾ കുടുതൽ ആസ്വാദ്യകരവും ആഘോഷകരവും ഒപ്പം സജീവവും പവിത്രവുമായിത്തീരുന്നു എന്നാണ് സഭാദർശനം. ദൈവരാധനയുടെ അഭേദ്യവും അപരിത്യാജ്യവുമായ ഘടകമെന്ന നിലയിൽ തിരുകർമ്മങ്ങളിൽ വിശുദ്ധഗീതം ആലപിക്കുന്ന ഗായകസംഘത്തെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് സഭയുടെ സുപ്രധാന ദൗത്യമാണ്. അതിരൂപതയിലെ ഇടവക ഗായക സംഘങ്ങളെ ഈ ലക്ഷ്യ പ്രാപ്തിക്കുതകും വിധം രൂപീകരിക്കുക, അതിരൂപതയിലെ ഗായകസംഘങ്ങളെ കൂട്ടിയിണക്കുക, മാത്രമല്ല, കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരെ ഈ മേഖലയിലേക്ക് കൊണ്ടുവന്ന് ദൈവരാജ്യ നിർമ്മിതിയിൽ അവരെ സഹകാരികളാക്കുക, അവരിലൂടെ കലാസാംസ്കാരിക രംഗത്തെ വിശുദ്ധീകരിക്കുക എന്നിവ വഴി സഭയുടെ മേല്പറഞ്ഞ ലക്ഷ്യം കൈവരിക്കാനാകും.

## II. പേര്

2. ദൈവാലയ സംഗീതത്തിന് നേതൃത്വം നൽകുന്നതിനായി അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന ഭക്തസംഘടനയുടെ ഔദ്യോഗിക നാമം 'തൃശ്ശൂർ അതിരൂപത ഗായകസംഘം' (Trichur Archeparchial Choir) എന്നായിരിക്കും.

## III. നൈയാമിക സ്വഭാവം

3. തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ സ്ഥാപിക്കുന്ന നൈയാമികവ്യക്തിത്വമുള്ള ഒരു പൊതുസംഘടന (Public Association) ആയിരിക്കും 'തൃശ്ശൂർ അതിരൂപത ഗായകസംഘം' (Trichur Archeparchial Choir). തൃശ്ശൂർ അതിരൂപത ഗായകസംഘം ഒരു ഭക്തസംഘടന (Pious Association) യായിരിക്കും. അതേസമയം ദൈവാലയസംഗീതം ആരാധനക്രമത്തിന്റെ ഭാഗമായതിനാൽ ഗാനാലാപനവും ഗായകസംഘത്തിന്റെ പ്രവർത്തനവും സഭയുടെ ആരാധനക്രമനിയമങ്ങൾക്കും ആരാധനക്രമത്തിന് ചുമതലയുള്ള വ്യക്തികളുടെ (അതിരൂപതാദ്ധ്യക്ഷൻ, വികാരി, കാർമ്മികൻ) നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും പൂർണ്ണമായും വിധേയമായിരിക്കും.

## IV. ലക്ഷ്യം

4. 1. അംഗങ്ങളെ സുവിശേഷത്തിന് സാക്ഷികളും സമർപ്പിത ക്രൈസ്തവരുമായി ജീവിക്കാൻ സഹായിക്കുക.

2. അംഗങ്ങളുടെ ക്രൈസ്തവപരിശീലനവും ക്രിസ്തീയ പുണ്യങ്ങളിലുള്ള വളർച്ചയും ലക്ഷ്യമാക്കി ഈ മേഖലയിലെ അത്മായ ദൈവവിളിക്കനുസരിച്ചുള്ള കർമ്മപരിപാടികളും പ്രാർത്ഥനാജീവിതവും രൂപീകരിക്കുക.

3. തിരുകർമ്മങ്ങളിലെ വിശുദ്ധഗീതങ്ങൾക്ക് നേതൃത്വം നൽകുകവഴി ദൈവജനത്തെ ഒരു സമൂഹമായി വിശുദ്ധഗീതമാലപിക്കാനും, സജീവമായി ബലി അർപ്പിക്കാനും സഹായിക്കുക.

4. ദൈവാരാധനയിലെ സംഗീതാലാപനത്തിന് വിശ്വാസികൾക്ക് പരിശീലനം നല്കുക, വിശുദ്ധഗീതങ്ങൾക്ക് നേതൃത്വം നൽകുവാനുള്ള ഗായകസംഘാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക.

5. കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വിശ്വാസികളായ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക, ഈ രംഗങ്ങളിൽ പ്രവർത്തിക്കാൻ അഭിരുചിയും താത്പര്യവുമുള്ള സഭാമക്കളെ സഹായിക്കുക.

6. മേല്പ്പറഞ്ഞ ലക്ഷ്യങ്ങൾക്കനുസൃതമായ മറ്റു കാര്യങ്ങളും തൃശ്ശൂർ അതിരൂപതാധ്യക്ഷനും സഭാനേതൃത്വവും നൽകുന്ന മറ്റു നിർദ്ദേശങ്ങളും പ്രവർത്തനപഥത്തിലെത്തിക്കുക.

## V. ആത്മീയത

5. ദൈവാലയത്തിലെ വിശുദ്ധഗീതത്തിന് നേതൃത്വം കൊടുക്കുന്ന സംഘം എന്ന നിലയിൽ ഗായകസംഘത്തിന്റെ ആദ്ധ്യാത്മികത കൗദാശിക ജീവിതത്തിൽ പ്രത്യേകിച്ച് വി. കുർബാനയിൽ കേന്ദ്രീകൃതമാണ്. ഗായകസംഘാംഗങ്ങൾ ഗാനങ്ങൾ ഭക്തിപൂർവ്വം ആലപിക്കുന്നതോടൊപ്പം ദൈവജനത്തോടൊത്ത് ആദ്യന്തം എല്ലാ പ്രാർത്ഥനകളും ചൊല്ലി തിരുകർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. കൂദാശകളുടെ അടുക്കലടുക്കലുള്ള സ്വീകരണം വഴി അംഗങ്ങൾ പ്രസാദവരാവസ്ഥയിൽ ജീവിക്കുന്നു. ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ അവർ സജീവക്രൈസ്തവസാക്ഷികളായിരിക്കും. ഗായകസംഘത്തിന്റെ മദ്ധ്യസ്ഥരുടെ പ്രത്യേക മാതൃകയും മധ്യസ്ഥവും അംഗങ്ങൾ പിൻതുടരുന്നു. ഒരു ദൈവികശുശ്രൂഷയെന്ന നിലയിൽ ആരാധനക്രമ സംഗീതത്തിനു നേതൃത്വം നല്കിക്കൊണ്ട് ക്രിസ്തുവിനെയും അവിടുത്തെ സഭയെയും സവിശേഷമായി ശുശ്രൂഷിക്കുന്നു.

## VI. മദ്ധ്യസ്ഥർ

6. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെട്ട പൗരസ്ത്യ സഭാപിതാവായ മാർ അപ്രേമും രക്തസാക്ഷിണിയായ വി. സിസിലിയുമാണ് ഗായകസംഘത്തിന്റെ മദ്ധ്യസ്ഥർ.

## VII. ഗായകസംഘ ദിനം (Choir Day)

7. എല്ലാവർഷവും വി. സിസിലിയുടെ തിരുനാൾ ദിനമായ നവംബർ 22നോ അതിനടുത്തുവരുന്ന ഞായറാഴ്ചയോ "ഗായകസംഘ ദിനം" ആയി ആചരിക്കേണ്ടതാണ്.

## VIII. ഓഫീസ്

8. തൃശ്ശൂർ കിഴക്കേക്കോട്ടയിലുള്ള അതിരൂപത പാസ്റ്ററൽ സെന്ററിലോ അതിരൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റു സ്ഥലത്തോ ആയിരിക്കും അതിരൂപത ഗായകസംഘത്തിന്റെ കേന്ദ്ര ഓഫീസ് പ്രവർത്തിക്കുക.

## IX. പ്രവർത്തനങ്ങൾ

9. 1. ഇടവക ദൈവാലയങ്ങളിലെ തിരുകർമ്മങ്ങളിൽ ആരാധനക്രമചൈതന്യമനുസരിച്ച് ദൈവാലയ ഗീതമാലപിക്കുക;

2. ഗായകസംഘത്തിന്റെ അംഗങ്ങൾക്ക് ഗാനപരിശീലനവും, ഉപകരണസംഗീത പരിശീലനവും നൽകുക.

3. ഇടവക ആരാധനസമൂഹത്തിന് തിരുകർമ്മഗീതങ്ങൾ ആലപിക്കുന്നതിനുള്ള പരിശീലനം വികാരിയച്ചന്റെ നിർദ്ദേശപ്രകാരം നൽകുക. ദൈവജനത്തിന് പാടുവാൻ സാധിക്കുന്ന ഗാനങ്ങൾ കഴിവതും പാടുക.

4. ഇടദിവസങ്ങളിലും, ഞായറാഴ്ചകളിലും, വിശേഷാവസരങ്ങളിലും ദൈവാലയസംഗീതമാലപിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

5. സഭയുടെ ആരാധനക്രമഗാന ചൈതന്യത്തിൽ 'കോറസ്സ്' സംഗീത ക്രമത്തിനനുയോജ്യമാംവിധം തിരുകർമ്മങ്ങളിൽ ആലാപനം നടത്തുകയും ദൈവജനത്തിനു സംഗീത പരിശീലനം നല്കുകയും ചെയ്യുക,

6. ദൈവാലയസംഗീതത്തിന്റെ മേഖലയിലേക്ക് പിൻതലമുറകൾ വളർന്നു വരുന്നതിനു യോജിച്ച വിധത്തിൽ അവർക്ക് പരിശീലനവും അവസരവും പ്രോത്സാഹനവും നൽകുക.

7. ഇടവക, ഫൊറോന, അതിരൂപത തലങ്ങളിലുള്ള ഗായകസംഘത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുക.

8. ഇടവകയിലെ കലാസാംസ്ക്കാരിക രംഗത്തെ പരിപുഷ്ടിപ്പെടുത്താനാകുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

9. ക്രിസ്തുമസ്സ് കരോൾ, പുത്തൻപാന, സുവിശേഷഗാനപാരായണം തുടങ്ങിയ കലാസംസ്ക്കാരിക ആത്മീയ മുന്നേറ്റങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകുക.

10. സംഗീതം, ഉപകരണസംഗീതം എന്നിവയിൽ അഭിരുചിയുള്ള നിർദ്ദനരായ വിദ്യാർത്ഥികളെ പരിപോഷിപ്പിക്കാൻ സ്കോളർഷിപ്പുകൾ നൽകുക, എൻഡോവുമെന്റുകൾ ആരംഭിക്കുക.

11. ആവശ്യമെങ്കിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

12. അതിരൂപതയിൽ നിന്ന് കാലാകാലങ്ങളിൽ നൽകുന്ന മറ്റു കാര്യങ്ങൾ പ്രാവർത്തികമാക്കുക.

## X. ഘടകങ്ങൾ

10. 'തൃശ്ശൂർ അതിരൂപത ഗായകസംഘ'ത്തിന് (Trichur Archeparchial Choir) അതിരൂപത, ഫൊറോന, ഇടവക തലങ്ങളിൽ ഘടകങ്ങൾ ഉണ്ടായിരിക്കും. ഇടവക ഘടകത്തെ 'ഇടവക ഗായകസംഘം' (Parish Choir), ഫൊറോന ഘടകത്തെ 'ഫൊറോന ഗായകസംഘം' (Forane Choir), അതിരൂപത ഘടകത്തെ 'അതിരൂപത ഗായകസംഘം' (Archeparchial Choir) എന്ന് വിളിക്കുന്നു.

11. ഇവയ്ക്ക് ഇടവക, ഫൊറോന, അതിരൂപത തലങ്ങളിലുള്ള സംഘടനകളുടെ ഏകോപനസമിതികളിൽ അംഗത്വമുണ്ടായിരിക്കും.

**A ഇടവക ഗായകസംഘം :**

**1. നിർവചനം :**

12. ഇടവക വികാരിയുടെ നേതൃത്വത്തിൽ തിരുകർമ്മ സംഗീതത്തിനു സഹായിക്കാൻ ഈ മേഖലയിൽ പ്രാവീണ്യമുള്ള ഇടവകാംഗങ്ങളിൽനിന്ന് നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ടവരും വികാരിയാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും അംഗങ്ങളായ തൃശ്ശൂർ അതിരൂപത ഗായകസംഘത്തിന്റെ യൂണിറ്റാണ് ഇടവക ഗായകസംഘം. ഓരോ ഇടവകയിലും വേണ്ടത്ര പരിശീലനം സിദ്ധിച്ച ഒരു ഗായകസംഘം ഉണ്ടായിരിക്കണം.

13. സാധാരണഗതിയിൽ തൃശ്ശൂർ അതിരൂപത ഗായകസംഘത്തിന്റെ ഒരു യൂണിറ്റു മാത്രമേ ഒരു ഇടവകയിൽ ഉണ്ടായിരിക്കാൻ പാടുള്ളൂ. എന്നാൽ അതിന് കുട്ടികൾ (ജൂനിയർ), മുതിർന്നവർ (സീനിയർ) തുടങ്ങിയ രീതിയിലുള്ള വിഭാഗങ്ങളും ഇടവകയുടെ / സ്ഥാപനത്തിന്റെ സാഹചര്യമനുസരിച്ച് ഉണ്ടാകാം. ഇവർക്ക് സജീവാംഗത്വം (സ്ഥിരാംഗത്വം) ഉണ്ടായിരിക്കുന്നതല്ല. എന്നാൽ, ഇടവകാതിർത്തിയിലെ കുരിശുപള്ളികൾക്കും (Station Churches) തീർത്ഥകേന്ദ്രങ്ങൾക്കും (Pilgrim Centres) ഇടവക ഗായകസംഘ യൂണിറ്റിൽ നിന്ന് വ്യത്യസ്തമായി ആവശ്യമെങ്കിൽ പ്രത്യേക ഗായകസംഘയൂണിറ്റ് ഉണ്ടാക്കാവുന്നതാണ്.

14. ഗായകസംഘത്തിന്റെ ഇടവകയൂണിറ്റുകൾ ഫൊറോന/അതിരൂപത സമിതികളിൽ അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതാണ്.

15. ഗായകസംഘത്തിന്റെ നിയമാവലി അനുസരിച്ചും ഉപരിസമിതികളുടെ നിർദേശങ്ങൾക്കനുസൃതമായും പ്രവർത്തിക്കുവാൻ ഇടവക യൂണിറ്റുകൾക്ക് ചുമതലയുണ്ട്.

**2. യോഗ്യതകൾ :**

16. 1. ഗായകസംഘത്തിൽ ചേർന്ന് പ്രവർത്തിക്കാൻ കഴിവും താത്പര്യവുമുണ്ടായിരിക്കണം.

2. ഗായകസംഘത്തിന്റെ നിയമാവലിയും ഇടവകവികാരിയുടെ നിർദ്ദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം.

3. ഇടവകഗായകസംഘത്തിൽ അതത് ഇടവകാംഗങ്ങൾക്ക് മാത്രമേ അംഗമാകാൻ യോഗ്യതയുള്ളൂ. എന്നാൽ, വികാരിയുടെ അനുവാദത്തോടെ ആവശ്യമെങ്കിൽ ഈ മേഖലയിൽ പ്രാവീണ്യമുള്ള വിശ്വാസികളായ മറ്റു ഇടവകക്കാരെ ആരാധനക്രമാവശ്യങ്ങൾക്ക് സ്ഥിരമായോ താത്കാലികമായോ ക്ഷണിക്കാവുന്നതാണ്. എന്നാൽ ഇവർക്ക് ഗായകസംഘ അംഗങ്ങളാകാനാകില്ല. എന്നാൽ തീർത്ഥകേന്ദ്രങ്ങൾ പോലുള്ള പൊതുദേവാലയങ്ങളിൽ ഇടവകയ്ക്ക് പുറത്തുനിന്നുള്ളവരെയും പ്രതിനിധിയോഗത്തോട് ആലോചിച്ച് വികാരിക്ക് അംഗങ്ങളാക്കാവുന്നതാണ്.

4. കത്തോലിക്കവിശ്വാസം പരസ്യമായി ത്യജിച്ചവർ, കത്തോലിക്കസഭയുമായുള്ള കൂട്ടായ്മ പരസ്യമായി ഉപേക്ഷിച്ചവർ, മഹറോൻ ശിക്ഷയിൽ ഉൾപ്പെട്ടവർ എന്നിവർ ഗായകസംഘത്തിൽ അംഗങ്ങളാകാൻ യോഗ്യതയുള്ളവരല്ല.

5. ഗായകസംഘത്തിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ ഉത്തമകത്തോലിക്കവിശ്വാസികളായിരിക്കണം, ദൈവാലയത്തിൽ മാതൃകാപരമായി വർത്തിക്കുന്നവരായിരിക്കണം, ഇത് ഒരു ദൈവികശുശ്രൂഷയാണെന്നുള്ള അവബോധം ഉള്ളവരായിരിക്കണം.

6. ഗായകസംഘത്തിലുൾപ്പെടെ മൂന്ന് ഭക്തസംഘടനകളിൽ മാത്രമേ ഒരാൾ അംഗമാകാൻ പാടുള്ളൂ.

**3. ഇടവക ഗായകസംഘത്തിലേയ്ക്കുള്ള നടപടിക്രമം :**

***a. അംഗത്വം :***

17. 1. അതിരൂപതാനിയമവും സംഘടനയുടെ നിയമാവലിയും അനുസരിച്ച് മാത്രമേ അംഗങ്ങളെ സംഘടനയിൽ പ്രവേശിപ്പി ക്കാൻ പാടുള്ളൂ.

2. ഇടവക ഗായകസംഘത്തിലെ അംഗത്വത്തിനായി താത്പര്യമുള്ള ഇടവകാംഗം രേഖാമൂലം വികാരിക്ക് അപേക്ഷ സമർപ്പി ക്കേണ്ടതാണ്. അംഗത്വത്തിന് യോഗ്യതയുള്ളവരെ വികാരിക്ക് നോമിനേറ്റ് ചെയ്യുകയുമാകാം.

3. അപേക്ഷകന് ഒഡീഷ്യൻ ടെസ്റ്റ് നടത്തി യോഗ്യതയുണ്ടെന്നു കണ്ടാൽ ഒരു വർഷത്തേക്ക് താത്കാലിക അംഗത്വം നൽകുന്നു.

4. താത്കാലിക അംഗത്വ കാലാവധി പൂർത്തിയായാൽ, യോഗ്യനെന്നു കണ്ടാൽ വികാരി സ്ഥിരാംഗത്വം നൽകുന്നു.

5. ആഴ്ചയിൽ ഒരു ദിവസമെങ്കിലും (ഞായറാഴ്ചക്കു പുറമേ) പാടുകയോ വാദ്യോപകരണങ്ങൾ വായിക്കുകയോ ചെയ്യുന്നവർക്കു മാത്രമേ ഗായകസംഘത്തിൽ സജീവാംഗത്വം (സ്ഥിരാംഗത്വം) ഉണ്ടായിരിക്കുകയുള്ളൂ. (വിശേഷ ദിവസങ്ങളിൽ മറ്റുള്ളവരെ ക്ഷണിതാക്കളായി ഗാനമാലപിക്കുവാനോ വാദ്യോപകരണങ്ങൾ വായിക്കുവാനോ വികാരിയുടെ അനുവാദത്തോടെ ക്ഷണിക്കാവുന്നതാണ്). സജീവാംഗത്വം ഉള്ളവർക്ക് മാത്രമേ വോട്ടവകാശവും ഭാരവാഹിത്വവും മറ്റ് ആനുകൂല്യങ്ങളും ഉണ്ടായിരിക്കുകയുള്ളൂ. സജീവാംഗത്വം ഇല്ലാത്തവർക്ക് ഗായകസംഘത്തിന്റെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

6. 60 വയസ്സു വരെ മാത്രമേ ഗായകസംഘത്തിൽ സജീവ അംഗത്വം (സ്ഥിരാംഗത്വം) ഉണ്ടായിരിക്കുകയുള്ളൂ. അതിനുശേഷം വികാരി അനുവദിക്കുന്നെങ്കിൽ ക്ഷണിതാവായി തുടരാം. അവർക്ക് മറ്റ് ആനുകൂല്യങ്ങൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല.

***b. അംഗത്വം നഷ്ടപ്പെടൽ :***

1. നിയമാനുസൃതം മാത്രമേ അംഗത്വം നഷ്ടപ്പെടുകയുള്ളൂ (60 വയസ്സു കഴിഞ്ഞാൽ സജീവാംഗത്വം ഇല്ലാതാകും).

2. കത്തോലിക്കവിശ്വാസം പരസ്യമായി ഉപേക്ഷിക്കുകയോ സഭാകൂട്ടായ്മയിൽ നിന്ന് പരസ്യമായി വിട്ടുമാറുകയോ മഹ റോൻശിക്ഷയിൽപ്പെടുകയോ ചെയ്യുന്ന വ്യക്തിക്ക് അംഗത്വം നഷ്ടപ്പെടുന്നതാണ്.

3. ന്യായമായ കാരണം അതതു കാലത്തെ വികാരി/ഡയറക്ടറെ ബോധ്യപ്പെടുത്താതെ ആരാധനക്രമസംഗീതത്തിന് നേതൃത്വം നൽകാൻ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ തുടർച്ചയായി മൂന്നു തവണ മുടങ്ങുകയോ മൂന്നു ജനറൽ ബോഡി യോഗങ്ങളിൽ തുടർച്ചയായി മുടങ്ങുകയോ ചെയ്താൽ വികാരി/ഡയറക്ടർക്ക് ഒരു അംഗത്തെ പുറത്താക്കാവുന്നതാണ്.

4.ഗായകസംഘാംഗം ആയിരിക്കാൻ അതിരൂപതാനിയമത്തിലും സംഘടനയുടെ നിയമാവലിയിലും പറഞ്ഞിട്ടുള്ള യോഗ്യത കൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ജീവിക്കുകയോ ചെയ്യുന്ന അംഗങ്ങളെ വികാരി/ഡയറക്ടർക്ക് പുറത്താക്കാവുന്ന താണ്.

5. നിയമാനുസൃതം രാജിനൽകുകയും ഡയറക്ടർ/വികാരി അതു സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ അംഗത്വം നഷ്ടമാ കും.

6. അതിരൂപതാനിയമാവലി (അതിരൂപതാനിയമാവലി 2015, പള്ളിയോഗനടപടിക്രമങ്ങൾ 7:3, 7:9) അനുസരിച്ച് 'ആരാധനയിലെ സജീവ പങ്കാളിത്തം പരിപോഷിപ്പിക്കുവാനും' 'അത്മായസംഘടനകൾ രൂപീകരിക്കുന്നതിലും അവയെ പ്രവർത്തിപ്പിക്കുന്നതിലും മുൻകൈ എടുക്കേണ്ട' പള്ളിയോഗം (പൊതുയോഗം/പ്രതിനിധിയോഗം), ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് വൈദികനെ സഹായിക്കാൻ ചുമതലയുള്ള ഗായകസംഘത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി, തിരുത്തലുകളോ ശിക്ഷണനടപടികളോ എടുക്കണമെന്ന് നിർദ്ദേശിച്ചാൽ വികാരി/ഡയറക്ടർ അക്കാര്യം കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

7. പള്ളിയോഗത്തിന്റെ നിർദ്ദേശമനുസരിച്ച് വികാരിക്ക്/ഡയറക്ടർക്ക് ഗായകസംഘത്തിലെ അംഗങ്ങളെ/ഗായകസംഘത്തെ ശിക്ഷണനടപടികളുടെ ഭാഗമായി തത്കാലത്തേക്കോ സ്ഥിരമായോ പുറത്താക്കാവുന്നതാണ്. എന്നാൽ ശിക്ഷണനടപടിയുടെ ഭാഗമായി ഗായകസംഘത്തിൽ നിന്നും സ്ഥിരമായിട്ടുള്ള പുറത്താക്കൽ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് വിശദീകരണം നൽകുന്നതിന് ഏതൊരംഗത്തിനും ഭാരവാഹിക്കും സാധാരണ സാഹചര്യങ്ങളിൽ ഏഴു ദിവസത്തെ സമയം അനുവദിച്ചിരി ക്കേണ്ടതാണ്. ഈ കാലയളവിൽ പ്രസ്തുത അംഗം സസ്പെൻഷനിലായിരിക്കും. സസ്പെൻഷനിലായിരിക്കുന്ന അംഗത്തിന് സജീവാംഗത്തിന്റെ അവകാശങ്ങളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല. ജനറൽബോഡി മീറ്റിംഗിൽ പങ്കെടുക്കാനും അവകാശമുണ്ടായിരിക്കുന്നതല്ല. വിശദീകരണം തൃപ്തികരമല്ലെങ്കിൽ സ്ഥിരമായി പുറത്താക്കാവുന്നതാണ്. എന്നാൽ ഇടവക ഗായകസംഘത്തിൽ നിന്നും സ്ഥിരമായി പുറത്താക്കുന്നതിനു മുമ്പ് പള്ളി കൈക്കാരന്മാർ, പള്ളിയോഗം സെക്രട്ടറി, ഏകോപനസമിതി പ്രസിഡന്റ്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, പാസ്റ്ററൽ കൗൺസിൽ അംഗം എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് വികാരിക്ക് രേഖാമൂലം സമർപ്പിക്കണം. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം സ്ഥിരമായ പുറത്താക്കൽ നടപടി സ്വീകരിക്കേണ്ടത്. ഗായകസംഘാംഗത്തേയോ ഗായകസംഘത്തെ മുഴുവനായോ സ്ഥിരമായി പുറത്താക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള കമ്മറ്റി റിപ്പോർട്ട് പള്ളിയോഗം (പൊതുയോഗം, പ്രതിനിധിയോഗം) അംഗീകരിച്ച് തീരുമാനമെടുത്താൽ അക്കാര്യം നടപ്പിലാക്കാവുന്നതാണ്. ഈ തീരുമാനത്തിനെതിരെ അപ്പീൽ കൊടുക്കാവുന്നതാണ്. (***Ref.*** ഗായകസംഘനിയമാവലി, 2020, 108:10)

**4. വിഭാഗം :**

***a. ജൂനിയർ (Junior)***

18. 15 വയസ്സിനു താഴെ പ്രായമുള്ള ഗായകസംഘത്തിലെ സജീവ അംഗങ്ങളല്ലാത്തവരെ ഉൾപ്പെടുത്തി, അവരുടെ പരിശീലനം, തിരുകർമ്മങ്ങളിലെ ശുശ്രൂഷ തുടങ്ങിയ ലക്ഷ്യങ്ങളോടെ ആവശ്യമെങ്കിൽ ജൂനിയർ വിഭാഗം പള്ളിയോഗത്തിന്റെ അംഗീകാരത്തോടെ വികാരിക്ക് രൂപീകരിക്കാവുന്നതാണ്. എന്നാൽ ഇവർ ഇടവക ഗായകസംഘത്തിന് പകരം ആയിരിക്കരുത്. ഇവർക്ക് ഇടവക ഗായകസംഘത്തിലെ സജീവ അംഗങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഉണ്ടായിരിക്കുന്നതല്ല.

***b. സീനിയർ* (Senior)**

19. തിരുകർമ്മങ്ങളിലെ ശുശ്രൂഷകൾക്ക് വേണ്ടി ആവശ്യമെങ്കിൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ, സജീവ അംഗങ്ങൾക്കു പുറമേ, പ്രത്യേക കാര്യങ്ങൾക്കായി, താത്കാലിക സംവിധാനമായി, സീനിയർ എന്ന വിഭാഗം വികാരിക്ക് അനുവദിക്കാവുന്ന താണ്. ഇവർ ഗായകസംഘത്തിലെ സജീവ അംഗങ്ങളോ ഇടവക ഗായകസംഘത്തിന് പകരമോ ആയിരിക്കരുത്.

***c. ഇടവകഗായകസംഘം.*** (Parish Choir)

20. ഇടവക വികാരി, നടപടിക്രമമനുസരിച്ച് (ഗായകസംഘം നിയമാവലി 2020, 17:1-4) നിയമാനുസൃതം തെരഞ്ഞെടുക്കപ്പെടു കയോ, വികാരി നാമനിർദ്ദേശം ചെയ്യുകയോ ചെയ്ത വ്യക്തികൾ. ഇവർ ഗായകസംഘത്തിലെ സജീവ (സ്ഥിര) അംഗങ്ങളായിരിക്കുന്നതാണ്.

**5. സമിതികൾ :**

21. ഇടവക ഗായകസംഘത്തിന് (Parish Choir) ജനറൽ ബോഡി, എക്സിക്യൂട്ടീവ് ബോഡി എന്നിങ്ങനെ രണ്ട് സമിതികൾ ഉണ്ടായിരിക്കും.

***a. ജനറൽ ബോഡി:***

22. ഇടവക ഗായകസംഘത്തിൽ സജീവാംഗങ്ങളായിരിക്കുന്ന (സ്ഥിരാംഗങ്ങളായിരിക്കുന്ന) മുഴുവൻ പേരും ചേരുന്ന സമിതിയാ യിരിക്കും ഇടവക ഗായകസംഘത്തിന്റെ ജനറൽ ബോഡി.

***b. എക്സ്ക്യൂട്ടീവ് ബോഡി:***

23. ഡയറക്ടർ, അസി. ഡയറക്ടർ, പ്രമോട്ടർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നി വർ ചേരുന്നതായിരിക്കും ഈ സമിതി. ജനറൽ ബോഡിയുടെ നിർദേശങ്ങൾ സമഗ്രമായി പഠിച്ച് പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണ നിർവഹണം നടത്തുന്നു.

***c. യോഗങ്ങൾ :***

24. ഇടവക ഗായകസംഘത്തിന്റെ ജനറൽ ബോഡിയും എക്സിക്യൂട്ടീവ് ബോഡിയും മാസത്തിൽ ഒരു തവണയെങ്കിലും യോഗം കൂടേണ്ടതാണ്.

***d. നോട്ടീസ്:***

25. 1. സാധാരണ ഗതിയിൽ ജനറൽ ബോഡിക്ക് 5 ദിവസവും എക്സിക്യൂട്ടീവ് ബോഡിക്ക് 3 ദിവസവും മുമ്പ് അറിയിപ്പ് നൽകേണ്ടതാണ്.

2.അടിയന്തിര സന്ദർഭങ്ങളിലും ഡയറക്ടർ നിർദ്ദേശിക്കുന്ന അവസരങ്ങളിലും ചുരുങ്ങിയ സമയത്തെ നോട്ടീസ് നൽകിക്കൊണ്ടും യോഗങ്ങൾ വിളിച്ചു കൂട്ടാവുന്നതാണ്.

***e. കോറം:***

26. മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും യോഗത്തിന്റെ കോറം. നിശ്ചിത കോറമില്ലെങ്കിൽ തുടർന്ന് വിളിക്കുന്ന യോഗത്തിന് ക്വാറത്തിന്റെ ആവശ്യമില്ല.

***f. തീരുമാനങ്ങൾ :***

27. 1. സാധിക്കുന്നിടത്തോളം തീരുമാനങ്ങളെല്ലാം ഐക്യകണ്ഠേന ആയിരിക്കണം.

2. ഐക്യകണ്ഠേന തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കേവലഭൂരിപക്ഷപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

3. തീരുമാനങ്ങളുടെ സാധുത ബഹ. വികാരി/ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

**6. ഭാരവാഹികളും ഉത്തരവാദിത്വങ്ങളും :**

***a. ഡയറക്ടർ, അസി. ഡയറക്ടർ* :**

28.1. അതിരൂപതാദ്ധ്യക്ഷൻ നിയമിക്കുന്ന ഇടവക വികാരിയായിരിക്കും ഇടവക ഗായക സംഘത്തിന്റെ ഡയറക്ടർ. ഡയറക്ട റായ വികാരിക്കുപുറമെ സഹവികാരിയുണ്ടെങ്കിൽ സഹവികാരി അസിസ്റ്റന്റ് ഡയറക്ടറായിരിക്കും. വികാരി നാമനിർദ്ദേശം ചെയ്യുകയാണെങ്കിൽ സഹവികാരിക്ക് ഗായകസംഘത്തിന്റെ ഡയറക്ടറാകാവുന്നതാണ്.

2. സംഘടനാംഗങ്ങൾക്ക് ആദ്ധ്യാത്മികമായ ശിക്ഷണവും സംഘടനാ പ്രവർത്തനങ്ങൾക്ക് ഉത്തേജനവും നേതൃത്വവും നിർദേശങ്ങളും നൽകുക.

3. യോഗങ്ങളിൽ അധ്യക്ഷത വഹിക്കുക.

4. സംഘടന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും അംഗങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ ഉദ്ബോധനം നൽകുകയും ചെയ്യുക.

5. നിയമാനുസൃതം യോഗനിശ്ചയങ്ങൾക്ക് അംഗീകാരം നൽകുക.

***b. പ്രസിഡണ്ട്* :**

29.1. ഡയറക്ടറുടെ നിർദേശമനുസരിച്ച് ഗായകസംഘത്തെ നയിക്കുക

2. ഡയറക്ടറുടെ അഭാവത്തിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുക.

3. പൊതുപരിപാടികൾക്ക് നേതൃത്വം കൊടുക്കുക, സഹപ്രവർത്തകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക, മറ്റു സംഘടനകളുമായി സമ്പർക്കം പുലർത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.

***c. വൈസ് പ്രസിഡണ്ട്* :**

30.1. പ്രസിഡണ്ടിനെ എല്ലാ കാര്യങ്ങളിലും സഹായിക്കുക.

2. പ്രസിഡണ്ടിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുക.

*d. സെക്രട്ടറി* :

31.1. സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ എഴുതി സൂക്ഷിക്കുക.

2. ഉന്നതസമിതികളിലേയ്ക്ക് യഥാസമയം റിപ്പോർട്ടുകൾ അയക്കുക.

3. സമ്മേളനങ്ങൾക്കും ചർച്ചകൾക്കും മറ്റും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

4. യോഗങ്ങൾക്കാവശ്യമായ നോട്ടീസ് അയക്കുക, യോഗങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുക, റിക്കോർഡുകൾ സൂക്ഷിക്കുക.

*e. ജോയിന്റ് സെക്രട്ടറി* :

32.1. ഔദ്യോഗിക കൃത്യനിർവഹണത്തിൽ സെക്രട്ടറിയെ സഹായിക്കുക.

2. പത്രമാസികകളിൽ പ്രസിദ്ധീകരണാർത്ഥമുള്ള റിപ്പോർട്ടുകൾ സെക്രട്ടറിയോട് ചേർന്ന് തയ്യാറാക്കുക.

*f. ട്രഷറർ* :

33.1. യൂണിറ്റിന്റെ സാമ്പത്തികമായ എല്ലാ ഇടപാടുകളും വിശ്വസ്തതയോടെ നിർവഹിക്കുക

2. വരിസംഖ്യ പിരിക്കുക. പണം സ്വീകരിച്ച് രശീതു നൽകുക, പണം കൊടുക്കുമ്പോൾ വൗച്ചർ വാങ്ങി സുക്ഷിക്കുക

3. ഡയറക്ടറുടെയും ട്രഷററുടേയും സംയുക്ത അക്കൗണ്ടിൽ സംഘടനാ ഫണ്ട് ബാങ്കിൽ നിക്ഷേപിക്കുക.

4. മുൻവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കും അടുത്ത വർഷത്തെ ബഡ്ജറ്റും വാർഷിക യോഗത്തിൽ അവതരിപ്പിക്കുക.

5. ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ ആസുത്രണം ചെയ്യുക.

*g. പ്രമോട്ടർ* :

34.1. ഇടവകവികാരി നാമനിർദ്ദേശം ചെയ്യുന്ന ഒരു സന്യാസിനി ആയിരിക്കും ഇടവക ഗായകസംഘത്തിന്റെ പ്രമോട്ടർ.

2. പ്രമോട്ടർ ഗായകസംഘത്തിൽ സജീവ അംഗം ആയിരിക്കും.

3. ഗായകസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകുക.

**7. തെരഞ്ഞെടുപ്പ്** :

35. സജീവ അംഗങ്ങളും നിയമങ്ങൾ അനുസരിക്കുന്നവരും സംഘടനയുടെ അച്ചടക്കം പാലിക്കുന്നവരും മാതൃകാപരമായി വിശ്വാസജീവിതം നയിക്കുന്നവരുമായ അംഗങ്ങളെ മാത്രമേ ഭാരവാഹികളായി തെരഞ്ഞെടുക്കാൻ പാടുള്ളു.

36. തുടർച്ചയായി രണ്ട് പ്രാവശ്യം (3+3 വർഷം) ഭാരവാഹിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരെ (ഉദാ. ഒരു പ്രാവശ്യം പ്രസിഡന്റ്, ഒരു പ്രാവശ്യം സെക്രട്ടറി) അടുത്ത 3 വർഷം ഒരു സ്ഥാനത്തേക്കും ഭാരവാഹിയായി തെരഞ്ഞെടുക്കാൻ പാടില്ല. (ഈ നിയമാവലി പ്രാബല്യത്തിൽ വരുന്ന സമയത്ത് രണ്ടാം പ്രാവശ്യം ഭാരവാഹിയായിരിക്കുന്നവർക്കും ഈ നിയമം ബാധകമാണ്). എന്നാൽ, ഇടവകയിലെ പ്രത്യേക സാഹചര്യത്തിൽ (ഉദാ. ഗായക സംഘാംഗങ്ങൾ വളരെ കുറവുള്ള ഇടവക) ഈ നിയമം പ്രാവർത്തികമാക്കുന്നത് പ്രായോഗികമല്ല എന്ന് വികാരിക്ക് ബോധ്യപ്പെട്ടാൽ, വികാരിക്ക് ഈ നിയമത്തിൽ നിന്ന് ഇളവ് നൽകാവുന്നതാണ്.

37. ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർ മറ്റു ഭക്തസംഘടനകളിൽ ഔദ്യോഗിക ഉത്തരവാദിത്വം (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) വഹിക്കുന്നവരാകാൻ പാടില്ല.

38. ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനായി കൂടുന്ന ജനറൽ ബോഡി യോഗത്തിൽ ഹാജരായ അംഗങ്ങളുടെ 50%ത്തിൽ കൂടുതൽ വോട്ടുകൾ ലഭിക്കുന്നവരാണ് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുക.

39. ഒന്നും രണ്ടും വോട്ടെടുപ്പിൽ നിശ്ചിത വോട്ട് ലഭിക്കുന്നില്ലെങ്കിൽ മൂന്നാം തവണ കേവല ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കാവുന്നതാണ്.

40. ഐക്യകണ്ഠേനയോ രഹസ്യ ബാലറ്റുകൾ മുഖേനയോ തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്.

41. യൂണിറ്റിലെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനു ശേഷം 15 ദിവസത്തിനുള്ളിൽ എല്ലാ ഭാരവാഹികളുടേയും പൂർണ്ണ മേൽവിലാസം ഉൾപ്പെടുന്ന ലിസ്റ്റ് ഫൊറോന സമിതിക്കും അതിരൂപത സമിതിക്കും നൽകേണ്ടതാണ്.

42. ഏതെങ്കിലും കാരണത്താൽ ഒഴിവുകൾ വരുന്ന സ്ഥാനങ്ങളിലേയ്ക്ക് വികാരിക്ക്/ഡയറക്ടർക്ക് യുക്തമെന്ന് തോന്നുന്നവരെ താത്കാലികമായി എക്സിക്യൂട്ടീവ് ബോഡിയുടെ അനുമതിയോടെ നിയമിക്കാവുന്നതാണ്. അടുത്തു വരുന്ന ജനറൽ ബോഡിയിൽ വച്ച് ഇത്തരം സ്ഥാനങ്ങളിലേക്ക് നിയമാനുസൃതം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

**8. കാലാവധി :**

43. ഇടവകഗായകസംഘ ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമാണ്. അതിരൂപതാതലത്തിൽ സംഘടനാ തെരഞ്ഞെടുപ്പ് നടക്കുന്ന കാലഘട്ടമാണ് ഒരു വർഷമായി കണക്കാക്കുന്നത്.

44. ഭാരവാഹികൾ ചാർജ്ജ് മാറുമ്പോൾ നിയമാവലി പ്രകാരം രേഖകളും കണക്കുകളും ഒപ്പുവച്ച് കൈമാറേണ്ടതാണ്.

**9. കണക്ക്** :

45. അംഗങ്ങളുടെ വരിസംഖ്യ, തിരുകർമ്മവിഹിതങ്ങൾ തുടങ്ങിയവയാണ് ഗായകസംഘത്തിന്റെ സാമ്പത്തികസ്രോതസ്സുകൾ.

46. സ്പെഷ്യൽ തിരുകർമ്മങ്ങൾക്ക് ലഭിക്കുന്ന സംഖ്യയിൽ നിന്നും എത്ര സംഖ്യ പാടുവാൻ വരുന്നവർക്ക് നൽകണമെന്നും എത്ര സംഖ്യ ഗായകസംഘത്തിന്റെ ഫണ്ടിലേക്ക് നൽകണമെന്നും ഗായകസംഘത്തിന്റെ ജനറൽ ബോഡി കൂടി തീരുമാനിച്ച് ഡയറക്ടറുടെ അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതാണ്.

47. ഗായകസംഘത്തിന്റെ തിരുകർമ്മവിഹിതങ്ങൾ വഴിയുള്ള വരുമാനം ഉപജീവനത്തിനുള്ളതല്ല. അംഗങ്ങളുടെ കൂട്ടായ്മ, പ്രോത്സാഹനം എന്നിവ ലക്ഷ്യം വച്ച് വർഷത്തിലൊരിക്കൽ വിനോദയാത്ര പോലുള്ള സംരംഭങ്ങൾ ആകാമെങ്കിലും മൊത്തവരുമാനത്തിന്റെ പരമാവധി 50% മാത്രമേ വാർഷിക വിനോദയാത്രക്ക് ഉപയോഗപ്പെടുത്താൻ പാടുള്ളൂ. ബാക്കി 50% സംഖ്യ ഗായകസംഘ ഉപകരണങ്ങൾ, മൈക്ക്, എന്നിവ വാങ്ങുന്നതിനും അവയുടെ മെയിന്റനൻസിനും മറ്റു കലാസാംസ്കാരിക പരിപാടികൾ, ഉപവിപ്രവർത്തനങ്ങൾ മറ്റ് പൊതു ആവശ്യങ്ങൾ എന്നിവയ്ക്കുള്ളതാണ്.

48. ഗായകസംഘം സ്വീകരിക്കുന്ന എല്ലാ സംഖ്യകൾക്കും രശീതി നൽകേണ്ടതാണ്. മുൻതീരുമാനപ്രകാരം മാത്രമേ ചെലവു ചെയ്യാവൂ. ചെലവു ചെയ്യുന്നവയ്ക്ക് ബില്ലോ വൗച്ചറോ ഉണ്ടായിരിക്കേണ്ടതാണ്. വരവു ചെലവുകൾ എഴുതി സൂക്ഷിക്കാൻ ഒരു കണക്കു പുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

49. യൂണിറ്റിന്റെ ഫണ്ടിന്റെ ക്രയവിക്രയം ബാങ്ക് അക്കൗണ്ട് വഴി ചെയ്യേണ്ടതാണ്. ഇതിനായി ഡയറ്കടറുടെയും ട്രഷററുടേയും പേരിൽ സംയുക്തമായ അക്കൗണ്ട് ഏതെങ്കിലും ബാങ്കിൽ തുടങ്ങേണ്ടതാണ്.

50. അതിരൂപതാസമിതി, ഫൊറോനസമിതി എന്നിവയ്ക്ക് ഇടവക യൂണിറ്റുകൾ വാർഷികവിഹിതം നൽകേണ്ടതാണ്.

51. ഇടവക ഗായകസംഘത്തിന്റെ വാർഷിക വരവു ചെലവു കണക്കുകളും വാർഷിക റിപ്പോർട്ടും വരും വർഷത്തെ ബജറ്റും ഓഡിറ്റ് റിപ്പോർട്ടും ഇടവക വികാരിക്ക് നൽകേണ്ടതാണ്. അതിന്റെ കോപ്പി മേല്ഘടകങ്ങൾക്കും നൽകേണ്ടതാണ്.

**10. ഓഫീസ്** :

52. ഗായകസംഘത്തിന് ആവശ്യമായ രജിസ്റ്ററുകൾ, ഫയലുകൾ, പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ സംവിധാനം ക്രമീകരിച്ചിരിക്കേണ്ടതാണ്.

53. പ്രവേശനം, അംഗത്വം, ഹാജർ മുതലായവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ, മിനിറ്റ്സ്, റിപ്പോർട്ട്, കണക്ക് എന്നിവയ്ക്കാവശ്യമായ പുസ്തകങ്ങൾ, വാർഷിക റിപ്പോർട്ടുകൾ, നോട്ടീസുകൾ, മറ്റു കത്തിടപാടുകൾ, സാമ്പത്തിക ഇടപാടുകൾ എന്നിവയ്ക്കാവശ്യമായ ഫയലുകൾ തുടങ്ങിയവ പള്ളി കാര്യാലയവുമായി ബന്ധപ്പെട്ട സ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്.

54. സംഗീത ഉപകരണങ്ങൾ വികാരിയുടെ അനുമതി കൂടാതെ ഇടവക ഗായകസംഘാംഗങ്ങൾ അല്ലാത്തവർ ഉപയോഗിക്കരുത്. സംഗീത ഉപകരണങ്ങൾ വികാരിയുടെ അനുമതി കൂടാതെ ഇടവക ഗായകസംഘാംഗങ്ങൾ പുറത്തുകൊണ്ടു പോകാൻ പാടില്ല.

**B ഫൊറോന ഗായകസംഘം**

**1. നിർവചനം** :

55.ഫൊറോനയിലെ പ്രാദേശിക ആവശ്യങ്ങളെ സംഘടിതമായി പരിഹരിക്കാനും പൊതു സംരംഭങ്ങൾക്ക് രൂപരേഖ നൽകുവാനും പ്രത്യേകിച്ച്, ഫൊറോനയിലെ ഗായകസംഘങ്ങളുടെ ആത്മീയ, സർഗ്ഗാത്മക മേഖലകളിൽ പരിശീലനം നൽകുന്നതിനും എല്ലാ ഇടവക യൂണിറ്റുകളും അംഗങ്ങളായ പൊതുസമിതിയാണ് ഫൊറോന ഗായകസംഘം.

**2. അംഗത്വം :**

56.ഫൊറോനയിലെ എല്ലാ ഇടവകയൂണിറ്റുകൾക്കും ഫൊറോന ഗായകസംഘത്തിൽ അംഗത്വവും പങ്കാളിത്തവും ഉണ്ടായിരിക്കും.

**3. സമിതികൾ** :

***a. ജനറൽ ബോഡി:***

57. ഫൊറോനയിലെ ഗായകസംഘ യൂണിറ്റുകളുടെ ഔദ്യോഗിക ഭാരവാഹികളും (ഡയറക്ടർ, പ്രൊമോട്ടർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ) ഫൊറോന വികാരിയും ഫൊറോന ഡയറക്ടറും ഉൾപ്പെടുന്ന സമിതിയാണ് ഫൊറോന ഗായകസംഘത്തിന്റെ ജനറൽ ബോഡി.

***b. എക്സ്ക്യൂട്ടിവ് ബോഡി:***

58. ഫൊറോന വികാരി, ഫൊറോന ഡയറക്ടർ, ഫൊറോന പ്രൊമോട്ടർ, ഫൊറോന ഗായകസംഘ പ്രസിഡണ്ട്, രണ്ട് വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറി, രണ്ട് ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ, തിരഞ്ഞെടുപ്പിൽ പ്രാതിനിധ്യം ലഭിക്കാത്ത യൂണിറ്റുകളിൽ നിന്നുള്ള പ്രസിഡണ്ടുമാർ എന്നിവർ ചേർന്നതായിരിക്കും ഭരണനിർവ്വഹണസമിതി. ജനറൽ ബോഡിയുടെ നിർദേശങ്ങൾ സമഗ്രമായി പഠിച്ച് പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണനിർവഹണം നടത്തുന്നു.

***c. യോഗങ്ങൾ :***

59. ഫൊറോന ഗായകസംഘത്തിന്റെ ജനറൽ ബോഡി വർഷത്തിൽ രണ്ടു തവണയും എക്സിക്യൂട്ടീവ് ബോഡി രണ്ടു മാസം കൂടുമ്പോഴും യോഗം കൂടേണ്ടതാണ്.

***d. നോട്ടീസ്:***

60. 1. സാധാരണ ഗതിയിൽ ജനറൽ ബോഡിക്ക് 10 ദിവസവും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് 5 ദിവസവും മുമ്പ് നോട്ടീസ് നൽകേണ്ടതാണ്.

2.അടിയന്തിര സന്ദർഭങ്ങളിൽ ചുരുങ്ങിയ സമയത്തെ നോട്ടീസ് നൽകിക്കൊണ്ടും യോഗങ്ങൾ വിളിച്ചു കൂട്ടാവുന്നതാണ്.

***e. കോറം:***

61. മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും യോഗത്തിന്റെ കോറം. കോറം തികയുന്നില്ലെങ്കിൽ വീണ്ടും കൂടുന്ന യോഗത്തിന് കോറം ബാധകമല്ല.

***f. തീരുമാനങ്ങൾ :***

62. 1. സാധിക്കുന്നിടത്തോളം തീരുമാനങ്ങളെല്ലാം ഐക്യകണ്ഠേന ആയിരിക്കണം.

2. ഐക്യകണ്ഠേന തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കേവലഭൂരിപക്ഷപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

3. തീരുമാനങ്ങളുടെ സാധുത ബഹു. ഫൊറോന വികാരിയുടെ/ ഫൊറോനയിലെ മറ്റൊരു വൈദികനാണ് ഡയറക്ടറെങ്കിൽ അദ്ദേഹത്തിന്റെയും അംഗീകാരത്തിന് വിധേയമായിരിക്കും.

**4. ഭാരവാഹികളും ഉത്തരവാദിത്വങ്ങളും :**

***a. ഡയറക്ടർ :***

63.1. ഓരോ ഫൊറോനയിലെയും ഫൊറോന വികാരിയോ ഫൊറോന വൈദികസമിതിയോ നാമനിർദ്ദേശം ചെയ്യുന്ന വൈദിക നായിരിക്കും ഫൊറോന ഗായകസംഘത്തിന്റെ ഡയറക്ടർ.

2. ഫൊറോന സമിതിക്ക് ആദ്ധ്യാത്മികമായ ശിക്ഷണവും പ്രവർത്തനങ്ങൾക്ക് ഉത്തേജനവും നേതൃത്വവും നിർദേശങ്ങളും നൽകുക.

3. യോഗങ്ങളിൽ അധ്യക്ഷത വഹിക്കുക.

4. സമിതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും വളർച്ചയ്ക്ക് ആവശ്യമായ ഉദ്ബോധനം നൽകുകയും ചെയ്യുക.

5. നിയമാനുസൃതം യോഗനിശ്ചയങ്ങൾക്ക് അംഗീകാരം നൽകുക.

6. ഫൊറോന അടിസ്ഥാനത്തിൽ പൊതു പരിപാടികൾ സംഘടിപ്പിക്കുക.

***b. പ്രമോട്ടർ:***

64.1. ഫൊറോന ഡയറ്കടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു സന്യാസിനിയായിരിക്കും പ്രമോട്ടർ.

2. ഫൊറോന സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഉത്തേജനവും സഹായവും നിർദേശങ്ങളും നൽകുക.

***c. പ്രസിഡണ്ട്***

65. 1. ഡയറക്ടറുടെ നിർദേശമനുസരിച്ച് ഫൊറോനസമിതിയെ നയിക്കുക

2. ഡയറക്ടറുടെ അഭാവത്തിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുക.

3. പൊതുപരിപാടികൾക്ക് നേതൃത്വം കൊടുക്കുക, സഹപ്രവർത്തകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

***d. രണ്ടു വൈസ് പ്രസിഡണ്ടുമാർ***

66. 1. വൈസ് പ്രസിഡന്റുമാരിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയുമായിരിക്കണം.

2. പ്രസിഡണ്ടിനെ എല്ലാ കാര്യങ്ങളിലും സഹായിക്കുക.

3. പ്രസിഡണ്ടിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുക.

***e. സെക്രട്ടറി***

67. 1. സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ എഴുതി സൂക്ഷിക്കുക.

2. ഉന്നതസമിതിയിലേയ്ക്ക് യഥാസമയം റിപ്പോർട്ടുകൾ അയക്കുക.

3. സമ്മേളനങ്ങൾക്കും ചർച്ചകൾക്കും മറ്റും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

4.യോഗങ്ങൾക്കാവശ്യമായ നോട്ടീസ് അയക്കുക, യോഗങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുക, റിക്കോർഡുകൾ സൂക്ഷിക്കുക.

***f. രണ്ടു ജോയിന്റ് സെക്രട്ടറിമാർ***

68. 1. ജോയിന്റ് സെക്രട്ടറിമാരിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയുമായിരിക്കണം.

2. ഔദ്യോഗിക കൃത്യനിർവഹണത്തിൽ സെക്രട്ടറിയെ സഹായിക്കുക.

3.പത്രമാസികകളിൽ പ്രസിദ്ധീകരണാർത്ഥമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുക.

***g. ട്രഷറർ***

69. 1. ഫൊറോനസമിതിയുടെ സാമ്പത്തികമായ എല്ലാ ഇടപാടുകളും വിശ്വസ്തതയോടെ നിർവഹിക്കുക

2. ഫൊറോന വിഹിതം പിരിക്കുക. പണം സ്വീകരിച്ച് രശീതു നൽകുക, പണം കൊടുക്കുമ്പോൾ വൗച്ചർ വാങ്ങി സുക്ഷിക്കുക.

3. ഡയറ്കടറുടെയും ട്രഷററുടേയും സംയുക്ത അക്കൗണ്ടിൽ ഫൊറോനസമിതിയുടെ ഫണ്ട് ബാങ്കിൽ നിക്ഷേപിക്കുക.

4. മുൻവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കും അടുത്ത വർഷത്തെ ബഡ്ജറ്റും വാർഷിക യോഗത്തിൽ അവതരിപ്പിക്കുക.

5. ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ ആസുത്രണം ചെയ്യുക.

**5. തെരഞ്ഞെടുപ്പ് :**

70. ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർ സജീവ അംഗങ്ങളും നിയമങ്ങൾ അനുസരിക്കുന്നവരും സംഘടനയുടെ അച്ചടക്കം പാലിക്കുന്നവരും മാതൃകാപരമായി വിശ്വാസജീവിതം നയിക്കുന്നവരുമായിരിക്കണം.

71. തുടർച്ചയായി രണ്ടു പ്രാവശ്യം (3+3 വർഷം) ഭാരവാഹിയായി തെരഞ്ഞെടുത്തിട്ടുള്ളവരെ (ഉദാ. ഒരു പ്രാവശ്യം പ്രസിഡന്റ്, ഒരു പ്രാവശ്യം സെക്രട്ടറി) അടുത്ത മൂന്നു വർഷത്തേക്ക് ഒരു സ്ഥാനത്തേക്കും ഭാരവാഹിയായി തെരഞ്ഞെടുക്കാൻ പാടില്ല (ഈ നിയമാവലി പ്രാബല്യത്തിൽ വരുന്ന സമയത്ത് രണ്ടാം പ്രാവശ്യം ഭാരവാഹിയായിരിക്കുന്നവർക്കും ഈ നിയമം ബാധകമാണ്).

72. ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനായി കൂടുന്ന ഫൊറോന സമിതിയുടെ ജനറൽ ബോഡി യോഗത്തിൽ ഹാജരായ അംഗങ്ങളുടെ 50%ത്തിൽ കൂടുതൽ വോട്ടുകൾ ലഭിക്കുന്നവരാണ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുക.

73. ഒന്നും രണ്ടും വോട്ടെടുപ്പിൽ നിശ്ചിത വോട്ട് ലഭിക്കുന്നില്ലെങ്കിൽ മൂന്നാം തവണ കേവല ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കാവുന്നതാണ്.

74. ഐക്യകണ്ഠേനയോ രഹസ്യ ബാലറ്റുകൾ മുഖേനയോ തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്.

75. ഏതെങ്കിലും കാരണത്താൽ ഒഴിവുകൾ വരുന്ന സ്ഥാനങ്ങളിലേയ്ക്ക് അതത് എക്സിക്യൂട്ടീവ് ബോഡിക്ക് യുക്തമെന്ന് തോന്നുന്നവരെ താത്കാലികമായി ഡയറക്ടറുടെ അനുമതിയോടെ നിയമിക്കാവുന്നതാണ്. അടുത്തു വരുന്ന ജനറൽ ബോഡി യിൽ വച്ച് ഇത്തരം സ്ഥാനങ്ങളിലേക്ക് നിയമാനുസൃതം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

76. നേതൃപാടവമുള്ളവരും അതിരൂപത/ ഫൊറോന തലങ്ങളിലുള്ള ആദ്ധ്യാത്മിക പരിശീലന പരിപാടികളിൽ സംബന്ധിച്ചവരുമായ അംഗങ്ങളെയാണ് ഭാരവാഹികളായി തെരഞ്ഞെടുക്കേണ്ടത്.

77. മറ്റുള്ളവർ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ അവർ അടുത്ത പരിശീലന പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്.

78. ഫൊറോനസമിതിയിൽ അംഗങ്ങളായവരെ മാത്രമേ ഭാരവാഹികളായി തെരഞ്ഞെടുക്കാൻ പാടുള്ളൂ.

79. ഫൊറോനസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് യോഗത്തിലേക്ക് ഇടവക യൂണിറ്റുകളിൽ നിന്ന് വരുന്ന ഭാരവാഹികൾ ഇടവ കവികാരിയുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

80. ഫൊറോനസമിതിയിലെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനു ശേഷം 15 ദിവസത്തിനുള്ളിൽ എല്ലാ ഭാരവാഹികളുടേയും പൂർണ്ണമേൽവിലാസം ഉൾപ്പെടുന്ന ലിസ്റ്റ് അതിരൂപത സമിതിക്ക് നൽകേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുടെ ഇടവകവികാരിമാരെ ഈ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**6. കാലാവധി** :

81. ഫൊറോന ഭരണസമിതിയുടെയും ഭാരവാഹികളുടെയും കാലാവധി മൂന്ന് വർഷമാണ്. അതിരൂപതാതലത്തിൽ സംഘടനകളുടെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കുന്ന കാലഘട്ടമാണ് ഒരു വർഷമായി കണക്കാക്കുക.

82. ഭാരവാഹികൾ ചാർജ്ജ് മാറുമ്പോൾ നിയമാവലി പ്രകാരം രേഖകളും കണക്കുകളും ഒപ്പുവച്ച് കൈമാറേണ്ടതാണ്.

**7. കണക്ക്** :

83. യൂണിറ്റുകളിൽ നിന്നുള്ള വിഹിതവും മറ്റു സംഭാവനകളുമാണ് ഫൊറോന ഗായകസംഘത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ്.

84. സ്വീകരിക്കുന്ന എല്ലാ സംഖ്യകൾക്കും രശീതി നൽകേണ്ടതാണ്. ചെലവു ചെയ്യുന്നവയ്ക്ക് ബില്ലോ വൗച്ചറോ ഉണ്ടായിരിക്കേ ണ്ടതാണ്. വരവു ചെലവുകൾ എഴുതി സൂക്ഷിക്കാൻ ഒരു കണക്കു പുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

85. ഫൊറോന സമിതി ഫണ്ടിന്റെ ക്രയവിക്രയം ബാങ്ക് അക്കൗണ്ട് വഴി ചെയ്യേണ്ടതാണ്. ഇതിനായി ഡയറ്കടറുടെയും ട്രഷററു ടേയും പേരിൽ സംയുക്തമായ അക്കൗണ്ട് ഏതെങ്കിലും ബാങ്കിൽ തുടങ്ങേണ്ടതാണ്.

86. അതിരൂപതാസമിതിക്ക് ഫൊറോന സമിതി വാർഷികവിഹിതം നൽകേണ്ടതാണ്.

**8. ഓഫീസ്** :

87. ഗായകസംഘത്തിന് ആവശ്യമായ രജിസ്റ്ററുകൾ, ഫയലുകൾ, പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ സംവി ധാനം ആവശ്യമനുസരിച്ച് ക്രമീകരിച്ചിരിക്കേണ്ടതാണ്.

88. പ്രവേശനം, അംഗത്വം, ഹാജർ മുതലായവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ, മിനിറ്റ്സ്, റിപ്പോർട്ട്, കണക്ക് എന്നിവ യ്ക്കാവശ്യമായ പുസ്തകങ്ങൾ, വാർഷിക റിപ്പോർട്ടുകൾ, നോട്ടീസുകൾ, മറ്റു കത്തിടപാടുകൾ, സാമ്പത്തിക ഇടപാടുകൾ എന്നിവയ്ക്കാവശ്യമായ ഫയലുകൾ തുടങ്ങിയവ സൂക്ഷിക്കേണ്ടതാണ്.

## C **അതിരൂപത ഗായകസംഘം** (Archeparchial Choir)

**1. നിർവചനം** :

89. ഗായകസംഘവുമായി ബന്ധപ്പെട്ട് അതിരൂപതയിലെ പൊതുപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നേതൃത്വം കൊടു ക്കുന്നതിനും പൊതുവായ ആവശ്യങ്ങളെ സംഘടിതമായി പരിഹരിക്കാനും പൊതുസംരഭങ്ങൾക്ക് രൂപരേഖ നൽകുവാനു മായി സ്ഥാപിതമായിട്ടുള്ള സമിതിയാണ് അതിരൂപതാ ഗായകസംഘം. അതിരൂപതയിലെ എല്ലാ ഇടവക യൂണിറ്റുകളുടെയും (Parish Choir) ഒരു പൊതുസമിതിയാണ് ഇത്.

**2. അംഗത്വം :**

90. അതിരൂപതയിലെ എല്ലാ ഇടവക യൂണിറ്റുകൾക്കും ഫൊറോനസമിതികൾക്കും അതിരൂപത സമിതിയിൽ അംഗത്വവും പങ്കാ ളിത്തവും ഉണ്ടായിരിക്കും.

**3. സമിതികൾ** :

***a. ജനറൽ ബോഡി:***

91. അതിരൂപത ഡയറക്ടർ, ഫൊറോന ഡയറക്ടർമാർ, അതിരൂപതയിലെ ഗായകസംഘ യൂണിറ്റുകളുടെ പ്രസിഡണ്ടുമാർ, ഫൊറോനസമിതികളിലെ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ചേരുന്നതാണ് അതിരൂപത ഗായകസംഘത്തിന്റെ ജനറൽ ബോഡി.

***b. എക്സ്ക്യൂട്ടിവ് ബോഡി:***

92. അതിരൂപത ഡയറക്ടർ, പ്രമോട്ടർമാർ, പ്രസിഡണ്ട്, രണ്ട് വൈസ് - പ്രസിഡണ്ടുമാർ, സെക്രട്ടറി, രണ്ടു ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ എന്നിവരും തെരഞ്ഞെടുപ്പിൽ പ്രാതിനിധ്യം ലഭിക്കാത്ത ഫൊറോന സമിതികളുടെ പ്രസിഡന്റുമാർ എന്നിവർ ചേരു

ന്നതായിരിക്കും അതിരൂപത എക്സിക്യൂട്ടീവ് സമിതി. ഈ സമിതി ജനറൽ ബോഡിയുടെ പൊതു നിർദേശങ്ങൾ സമഗ്രമായി പഠിച്ച് പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

***c. യോഗങ്ങൾ :***

93. അതിരൂപത ഗായകസംഘത്തിന്റെ ജനറൽ ബോഡി വർഷത്തിൽ രണ്ടു തവണയും എക്സിക്യൂട്ടീവ് ബോഡി രണ്ടു മാസം കൂടുമ്പോഴും യോഗം കൂടേണ്ടതാണ്.

***d. നോട്ടീസ്:***

94. 1. സാധാരണ ഗതിയിൽ ജനറൽ ബോഡിക്ക് 15 ദിവസവും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് 10 ദിവസവും മുമ്പ് നോട്ടീസ് നൽകേണ്ടതാണ്.

2. അടിയന്തിര സന്ദർഭങ്ങളിൽ ചുരുങ്ങിയ സമയത്തെ നോട്ടീസ് നൽകിക്കൊണ്ടും യോഗങ്ങൾ വിളിച്ചു കൂട്ടാവുന്നതാണ്.

***e. കോറം:***

95. മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും യോഗത്തിന്റെ കോറം. കോറം തികയുന്നില്ലെങ്കിൽ വീണ്ടും കൂടുന്ന യോഗത്തിന് കോറം ബാധകമല്ല.

***f. തീരുമാനങ്ങൾ :***

96.1. സാധിക്കുന്നിടത്തോളം തീരുമാനങ്ങളെല്ലാം ഐക്യകണ്ഠേന ആയിരിക്കണം.

2. ഐക്യകണ്ഠേന തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കേവലഭൂരിപക്ഷപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

3. തീരുമാനങ്ങളുടെ സാധുത അതിരൂപതാ ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

**4. ഭാരവാഹികളും ഉത്തരവാദിത്വങ്ങളും :**

***a. ഡയറക്ടർ :***

97. 1. അതിരൂപതാദ്ധ്യക്ഷൻ നിയമിക്കുന്ന വൈദികനായിരിക്കും അതിരൂപത ഗായകസംഘത്തിന്റെ ഡയറക്ടർ.

2. അതിരൂപത സമിതിക്ക് ആദ്ധ്യാത്മികമായ ശിക്ഷണവും പ്രവർത്തന ങ്ങൾക്ക് ഉത്തേജനവും നേതൃത്വവും നിർദേശങ്ങളും നൽകുക.

3. യോഗങ്ങളിൽ അധ്യക്ഷത വഹിക്കുക.

4. സമിതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും വളർച്ചയ്ക്ക് ആവശ്യമായ ഉദ്ബോധനം നൽകുകയും ചെയ്യുക.

5. നിയമാനുസൃതം യോഗനിശ്ചയങ്ങൾക്ക് അംഗീകാരം നൽകുക.

6. അതിരൂപതാടിസ്ഥാനത്തിൽ പൊതു പരിപാടികൾ സംഘടിപ്പിക്കുക.

***b. രണ്ടു പ്രമോട്ടർമാർ :***

98.1. അതിരൂപത ഡയറ്കടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പേർ (ഉദാ. സന്യസ്തർ) പ്രമോട്ടർമാർ.

2. അതിരൂപതസമിതിയുടെ പ്രവർത്തനങ്ങൾക്ക് ഉത്തേജനവും സഹായവും നിർദേശങ്ങളും നൽകുക.

***c. പ്രസിഡണ്ട്***

99. 1. ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് അതിരൂപതസമിതിയെ നയിക്കുക

2. ഡയറക്ടറുടെ അഭാവത്തിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുക.

3. പൊതുപരിപാടികൾക്ക് നേതൃത്വം കൊടുക്കുക, സഹപ്രവർത്തകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

***d. രണ്ടു വൈസ് പ്രസിഡണ്ടുമാർ***

100. 1. വൈസ് പ്രസിഡന്റുമാരിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയുമായിരിക്കണം.

2. പ്രസിഡണ്ടിനെ എല്ലാ കാര്യങ്ങളിലും സഹായിക്കുക.

3. പ്രസിഡണ്ടിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുക.

4. പ്രത്യേക ചുമതലകൾ ഏല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.

***e. സെക്രട്ടറി***

101. 1. സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ എഴുതി സൂക്ഷിക്കുക.

2. ഉന്നതസമിതിയിലേയ്ക്ക് യഥാസമയം റിപ്പോർട്ടുകൾ അയക്കുക.

3. സമ്മേളനങ്ങൾക്കും ചർച്ചകൾക്കും മറ്റും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

4. യോഗങ്ങൾക്കാവശ്യമായ നോട്ടീസ് അയക്കുക, യോഗങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുക, റിക്കോർഡുകൾ സൂക്ഷിക്കുക.

***f. രണ്ടു ജോയിന്റ് സെക്രട്ടറിമാർ***

102. 1. ജോയിന്റ് സെക്രട്ടറിമാരിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയുമായിരിക്കണം.

2. ഔദ്യോഗിക കൃത്യനിർവഹണത്തിൽ സെക്രട്ടറിയെ സഹായിക്കുക.

3.പത്രമാസികകളിൽ പ്രസിദ്ധീകരണാർത്ഥമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുക.

***g. ട്രഷറർ :***

103.1. അതിരൂപതസമിതിയുടെ സാമ്പത്തികമായ എല്ലാ ഇടപാടുകളും വിശ്വസ്തതയോടെ നിർവഹിക്കുക

2. അതിരൂപതവിഹിതം പിരിക്കുക. പണം സ്വീകരിച്ച് രശീതു നൽകുക, പണം കൊടുക്കുമ്പോൾ വൗച്ചർ വാങ്ങി സുക്ഷിക്കുക

3. ഡയറ്കടറുടെയും ട്രഷററുടേയും സംയുക്ത അക്കൗണ്ടിൽ അതിരൂപതസമിതിയുടെ ഫണ്ട് ബാങ്കിൽ നിക്ഷേപിക്കുക.

4. മുൻവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കും അടുത്ത വർഷത്തെ ബഡ്ജറ്റും വാർഷിക യോഗത്തിൽ അവതരിപ്പിക്കുക.

5. ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ ആസുത്രണം ചെയ്യുക.

**5. തെരഞ്ഞെടുപ്പ് :**

104.1. ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർ സജീവ അംഗങ്ങളും നിയമങ്ങൾ അനുസരിക്കുന്നവരും സംഘടനയുടെ അച്ചടക്കം പാലിക്കുന്നവരും മാതൃകാപരമായി വിശ്വാസജീവിതം നയിക്കുന്നവരുമായിരിക്കണം. തുടർച്ചയായി രണ്ടു പ്രാവശ്യം (3 + 3 വർഷം) ഭാരവാഹിയായി തെരഞ്ഞെടുക്കപ്പെട്ടവരെ (ഉദാ. ഒരു പ്രാവശ്യം പ്രസിഡന്റ്, ഒരു പ്രാവശ്യം സെക്രട്ടറി) പിന്നീട് മൂന്നു വർഷത്തേക്ക് ഭാരവാഹിയായി തെരഞ്ഞെടുക്കാൻ പാടില്ല. (ഈ നിയമാവലി പ്രാബല്യത്തിൽ വരുന്ന സമയത്ത് രണ്ടാം പ്രാവശ്യം ഭാരവാഹിയായിരിക്കുന്നവർക്കും ഈ നിയമം ബാധകമാണ്).

2. ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനായി കൂടുന്ന ജനറൽ ബോഡി യോഗത്തിൽ ഹാജരായ അംഗങ്ങളുടെ 50%ത്തിൽ കൂടുതൽ വോട്ടുകൾ ലഭിക്കുന്നവരാണ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുക.

3. ഒന്നും രണ്ടും വോട്ടെടുപ്പിൽ നിശ്ചിത വോട്ട് ലഭിക്കുന്നില്ലെങ്കിൽ മൂന്നാം തവണ കേവല ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കാവുന്നതാണ്.

4. ഐക്യകണ്ഠേനയോ രഹസ്യ ബാലറ്റുകൾ മുഖേനയോ തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്.

5. ഏതെങ്കിലും കാരണത്താൽ ഒഴിവുകൾ വരുന്ന സ്ഥാനങ്ങളിലേയ്ക്ക് എക്സിക്യൂട്ടീവ് ബോഡിക്ക് യുക്തമെന്ന് തോന്നുന്നവരെ താത്കാലികമായി ഡയറക്ടറുടെ അനുമതിയോടെ നിയമിക്കാവുന്നതാണ്. അടുത്തു വരുന്ന ജനറൽ ബോഡിയിൽ വച്ച് ഇത്തരം സ്ഥാനങ്ങളിലേക്ക് നിയമാനുസൃതം തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

6. നേതൃപാടവമുള്ളവരും അതിരൂപത/ ഫൊറോന തലങ്ങളിലുള്ള ആദ്ധ്യാത്മിക പരിശീലന പരിപാടികളിൽ സംബന്ധിച്ചവരുമായ അംഗങ്ങളെയാണ് ഭാരവാഹികളായി തെരഞ്ഞെടുക്കേണ്ടത്.

7. മറ്റുള്ളവർ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ അവർ അടുത്ത പരിശീലന പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്.

8. അതിരൂപതസമിതിയിൽ അംഗങ്ങളായവരെ മാത്രമേ ഭാരവാഹികളായി തെരഞ്ഞെടുക്കാൻ പാടുള്ളൂ.

9. അതിരൂപതസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് യോഗത്തിലേക്ക് കീഴ്ഘടകങ്ങളിൽ നിന്നു വരുന്നവർ ഇടവകവികാരി/ ഫൊറോന ഡയറക്ടറുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

10. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുടെ ഇടവകവികാരിമാരെയും ഫൊറോന ഡയറക്ടർമാരെയും ഈ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**6. കാലാവധി :**

105.1. അതിരൂപത ഭരണസമിതിയുടെയും ഭാരവാഹികളുടെയും കാലാവധി മൂന്നു വർഷമാണ്. അതിരൂപതാതലത്തിൽ സംഘടനകളുടെ തെരഞ്ഞെടുപ്പ് നടക്കുന്ന കാലഘട്ടമാണ് ഒരു വർഷമായി കണക്കാക്കുക.

2. ഭാരവാഹികൾ ചാർജ്ജ് മാറുമ്പോൾ നിയമാവലി പ്രകാരം രേഖകളും കണക്കുകളും ഒപ്പുവച്ച് കൈമാറേണ്ടതാണ്.

**7. കണക്ക് :**

106. 1. യൂണിറ്റുകളിൽ നിന്നും ഫൊറോന സമിതികളിൽ നിന്നുമുള്ള വിഹിതമാണ് അതിരൂപത ഗായകസംഘത്തിന്റെ പ്രധാന സാമ്പത്തികസ്രോതസ്സ്.

2. സ്വീകരിക്കുന്ന എല്ലാ സംഖ്യകൾക്കും രശീതി നൽകേണ്ടതാണ്. ചെലവു ചെയ്യുന്നവയ്ക്ക് ബില്ലോ വൗച്ചറോ ഉണ്ടായിരിക്കേണ്ടതാണ്. വരവു ചെലവുകൾ എഴുതി സൂക്ഷിക്കാൻ ഒരു കണക്കു പുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

3. അതിരൂപത സമിതി ഫണ്ടിന്റെ ക്രയവിക്രയം ബാങ്ക് അക്കൗണ്ട് വഴി ചെയ്യേണ്ടതാണ്. ഇതിനായി ഡയറ്കടറുടെയും ട്രഷററുടേയും പേരിൽ സംയുക്തമായ അക്കൗണ്ട് ഏതെങ്കിലും ബാങ്കിൽ തുടങ്ങേണ്ടതാണ്.

**8. ഓഫീസ് :**

107. 1. ഗായകസംഘത്തിന് ആവശ്യമായ രജിസ്റ്ററുകൾ, ഫയലുകൾ, പുസ്തകങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ ഓഫീസ് സംവിധാനം ക്രമീകരിച്ചിരിക്കേണ്ടതാണ്.

2. പ്രവേശനം, അംഗത്വം, ഹാജർ മുതലായവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ, മിനിറ്റ്സ്, റിപ്പോർട്ട്, കണക്ക് എന്നിവയ്ക്കാവശ്യമായ പുസ്തകങ്ങൾ, വാർഷിക റിപ്പോർട്ടുകൾ, നോട്ടീസുകൾ, മറ്റു കത്തിടപാടുകൾ, സാമ്പത്തിക ഇടപാടുകൾ എന്നിവയ്ക്കാവശ്യമായ ഫയലുകൾ തുടങ്ങിയവ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

**9. ശിക്ഷണ നടപടികൾ:**

108.1. ഇടവക ഗായകസംഘത്തിലെ ഏതൊരംഗത്തിനെതിരെയും/ഗായകസംഘത്തിനെതിരെയും വ്യക്തമായ കാരണങ്ങളിന്മേൽ താത്കാലിക ശിക്ഷണ നടപടികൾ (സസ്പെൻഷൻ) സ്വീകരിക്കുന്നതിന് വികാരിക്ക്/ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

2. ഉത്തരവാദിത്വ നിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയോ സന്മാർഗം, വിശ്വാസം, സഭയുടെയോ സംഘടനയുടെയോ അച്ചടക്കം എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുന്ന ഇടവക/ഫൊറോന/അതിരൂപത സമിതികളുടെ ഭാരവാഹികൾക്കെതിരെ താത്കാലിക ശിക്ഷണ നടപടിയെടുക്കാൻ (സസ്പെൻഷൻ) അതത് ഘടകങ്ങളുടെ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

3. ഇടവക ഗായകസംഘത്തിലെ അംഗങ്ങളോ, ഗായകസംഘം മൊത്തമായോ ദൈവാലയത്തിലെ തിരുകർമ്മങ്ങളിൽ നിന്നും മനഃപൂർവ്വം വിട്ടുനിന്നാൽ അവർക്കെതിരെ താത്കാലിക ശിക്ഷണ നടപടികൾ എടുക്കുവാൻ വികാരിക്ക് അധികാരമുണ്ടായിരിക്കും.

4. താത്കാലിക ശിക്ഷണനടപടി (സസ്പെൻഷൻ)ക്ക് വിധേയനാകുന്ന വ്യക്തിക്ക് സ്ഥിരാംഗത്തിന്റെ അവകാശങ്ങളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല. ജനറൽബോഡി മീറ്റിംഗിൽ പങ്കെടുക്കാനും അവകാശമുണ്ടായിരിക്കുന്നതല്ല.

5. ശിക്ഷണനടപടിയുടെ ഭാഗമായി ഗായകസംഘത്തിൽ നിന്നും സ്ഥിരമായിട്ടുള്ള പുറത്താക്കൽ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് വിശദീകരണം നൽകുന്നതിന് ഏതൊരംഗത്തിനും ഭാരവാഹിക്കും സാധാരണ സാഹചര്യങ്ങളിൽ ഏഴു ദിവസത്തെ സമയം അനുവദിച്ചിരിക്കേണ്ടതാണ്. ഈ കാലയളവിൽ പ്രസ്തുത അംഗം സസ്പെൻഷനിലായിരിക്കും. സസ്പെൻഷനിലായിരിക്കുന്ന അംഗത്തിന് സജീവാംഗത്തിന്റെ അവകാശങ്ങളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല. ജനറൽബോഡി മീറ്റിംഗിൽ പങ്കെടുക്കാനും അവകാശമുണ്ടായിരിക്കുന്നതല്ല. താത്കാലിക ശിക്ഷണ നടപടിക്ക് വിധേയനാകുന്ന വ്യക്തി നൽകുന്ന വിശദീകരണം തൃപ്തികരമല്ലെങ്കിൽ സംഘടനയിൽ നിന്ന് സ്ഥിരമായി പുറത്താക്കാവുന്നതാണ്. എന്നാൽ ഇടവക ഗായകസംഘത്തിൽ നിന്നും സ്ഥിരമായി പുറത്താക്കുന്നതിനു മുമ്പ് പള്ളി കൈക്കാരന്മാർ, പള്ളിയോഗം സെക്രട്ടറി, ഏകോപനസമിതി പ്രസിഡന്റ്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, പാസ്റ്ററൽ കൗൺസിൽ അംഗം എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് വികാരിക്ക് രേഖാമൂലം സമർപ്പിക്കണം. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം സ്ഥിരമായ പുറത്താക്കൽ നടപടി സ്വീകരിക്കേണ്ടത്. ഗായകസംഘാംഗത്തേയോ ഗായകസംഘത്തെ മുഴുവനായോ സ്ഥിരമായി പുറത്താക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള കമ്മറ്റി റിപ്പോർട്ട് പള്ളിയോഗം (പൊതുയോഗം/പ്രതിനിധിയോഗം) അംഗീകരിച്ച് തീരുമാനമെടുത്താൽ അക്കാര്യം നടപ്പിലാക്കാവുന്നതാണ്.

ഫൊറോന ഗായകസംഘത്തിൽ നിന്നും (Forane Choir) സ്ഥിരമായി പുറത്താക്കുന്നതിനു മുമ്പ് ഫൊറോന ഡയറക്ടർ പ്രസ്തുത അംഗത്തോട് വിശദീകരണം ചോദിക്കണം. വിശദീകരണം തൃപ്തികരമല്ലെങ്കിൽ ഫൊറോനവികാരി, ഫൊറോന അനുരഞ്ജനസമിതി എന്നിവരടങ്ങുന്ന കമ്മറ്റി അതേക്കുറിച്ച് പഠിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൊറോന ഡയറക്ടർക്ക് ശിക്ഷണനടപടി സ്വീകരിക്കാം.

അതിരൂപത ഗായകസംഘത്തിൽ നിന്നും ഒരംഗത്തെ (Archeparchial Choir) സ്ഥിരമായി പുറത്താക്കുന്നതിനു മുമ്പ് പ്രസ്തുത അംഗത്തോട് അതിരൂപത ഡയറക്ടർ വിശദീകരണം ചോദിക്കണം. വിശദീകരണം തൃപ്തികരമല്ലെങ്കിൽ പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, അതിരൂപത ഏകോപനസമിതി സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മറ്റി അതേക്കുറിച്ച് പഠിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിരൂപത ഡയറക്ടർക്ക് ശിക്ഷണനടപടി സ്വീകരിക്കാം. എന്നാൽ അതിരൂപത ഗായകസംഘത്തെ (Archeparchial Choir) നിറുത്തലാക്കാനുള്ള അധികാരം അതിരൂപതാധ്യക്ഷനു മാത്രമായിരിക്കും.

7. മേൽഘടകങ്ങളിലെ അംഗങ്ങൾക്കോ ഭാരവാഹികൾക്കോ എതിരെ നടപടിയെടുത്താൽ മേൽഘടക ഡയറക്ടർ അക്കാര്യം കീഴ്ഘടകങ്ങളിലെ ഭരണനിർവഹണ സമിതിയെയും ഡയറക്ടറെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

8. കീഴ്ഘടകത്തിൽ നിന്നും പുറത്താക്കപ്പെടുന്ന അംഗത്തിന് മേൽഘടകത്തിലുള്ള സ്ഥാനവും നഷ്ടപ്പെടുന്നതാണ്.

9. ശിക്ഷണ നടപടികൾക്ക് വിധേയരാകുന്ന ഏതൊരംഗത്തിനും അതിനെതിരെ നിയമാവലി അനുശാസിക്കുന്ന ഉപരിഅധികാരികൾക്ക് അപ്പീൽ സമർപ്പിക്കാൻ അവകാശമുണ്ട്.

10. ഇടവക യൂണിറ്റിന്റെ ഡയറക്ടർ/വികാരി/പള്ളിയോഗം (പ്രതിനിധിയോഗം/പൊതുയോഗം) നേരിട്ടെടുക്കുന്ന ശിക്ഷണ നടപടികൾക്കെതിരെ അപ്പീൽ നൽകേണ്ടത് ഫൊറോന വികാരിക്കും ഫൊറോന ഡയറക്ടർക്കുമാണ്. ഫൊറോന ഡയറക്ടർ എടുക്കുന്ന ശിക്ഷണ നടപടികൾക്കെതിരെ അപ്പീൽ നൽകേണ്ടത് അതിരൂപത ഡയറക്ടർക്കും, അതിരൂപത ഡയറക്ടർ എടുക്കുന്ന ശിക്ഷണനടപടികൾക്കെതിരെ അപ്പീൽ നൽകേണ്ടത് അതിരൂപത കാര്യാലയത്തിലുമായിരിക്കണം.

11. ഗായകസംഘാംഗങ്ങൾക്കെതിരെയുള്ള ശിക്ഷണ നടപടികളിൽ അതിരൂപതാധ്യക്ഷന്റെ തീരുമാനം അന്തിമമായിരിക്കും.

**10. പൊതുനിയമങ്ങൾ**

109.1. "തൃശ്ശൂർ അതിരൂപത ഗായകസംഘ"വും (Trichur Archeparchial Choir) അതിന്റെ കീഴ്ഘടകങ്ങളായ "ഇടവകഗായകസംഘം" (Parish Choir), "ഫൊറോന ഗായകസംഘം" (Forane Choir), "അതിരൂപത ഗായകസംഘം" (Archeparchial Choir) എന്നിവയും തൃശ്ശൂർ അതിരൂപതാധ്യക്ഷന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിലയിരുത്തലിനും വിധേയമായിരിക്കും.

2. നിയമാവലി അംഗീകരിക്കുന്നതിനും ഇതിൽ ഭേദഗതി വരുത്തുന്നതിനും നിയമാവലിയെ സംബന്ധിച്ച് വിശദീകരണം നൽകുന്നതിനും തർക്കവിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനും "അതിരൂപത ഗായകസംഘ"ത്തെ (Archeparchial Choir) നിർത്തലാക്കുന്നതിനും തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷന് മാത്രമേ അധികാരമുള്ളു. ഗായകസംഘത്തെ സംബന്ധിച്ച അന്തിമ അപ്പീൽ അധികാരി തൃശ്ശൂർ അതിരൂപതാധ്യക്ഷൻ മാത്രമായിരിക്കും. തൃശ്ശൂർ അതിരൂപതാധ്യക്ഷന്റെ തീരുമാനം അന്തിമമായിരിക്കും.

3. അതിരൂപതയുടെ മാറി വരുന്ന സാഹചര്യം അനുസരിച്ച് ഈ നിയമാവലിയുടെ നിയമങ്ങൾക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം അതിരൂപതാധ്യക്ഷന് ഉണ്ടായിരിക്കും. ഏതെങ്കിലും ഇടവകയിൽ ഈ നിയമാവലിയിലെ നിയമങ്ങൾ നടപ്പിലാക്കുന്നതിന് പ്രായോഗികമായി എന്തെങ്കിലും തടസ്സങ്ങളോ പ്രയാസങ്ങളോ അനുഭവപ്പെട്ടാൽ, ആവശ്യമായ

ഇളവുകൾ അനുവദിച്ചു കൊടുക്കുവാൻ അതിരൂപതാധ്യക്ഷന് അധികാരമുണ്ടായിരിക്കും.

4. തൃശ്ശൂർ അതിരൂപത ഗായകസംഘമോ അതിന്റെ വിവിധ ഘടകങ്ങളോ നിർത്തലാക്കപ്പെടുകയാണെങ്കിൽ ഇടവക ഗായക സംഘയൂണിറ്റിന്റെ സ്ഥാവരജംഗമ വസ്തുക്കൾ ഇടവകയിലേക്കും ഫൊറോന സമിതിയുടേത് അതിരൂപത സമിതിയിലേക്കും അതിരൂപത സമിതിയുടേത് തൃശ്ശൂർ അതിരൂപതയിലേക്കും ലയിക്കുന്നതായിരിക്കും.

*"തൃശ്ശൂർ അതിരൂപത ഗായകസംഘ" (Trichur Archeparchial Choir) ത്തിന്റെ ഈ നിയമാവലി 2020 നവംബർ 22ന് പ്രാബല്യത്തിൽ വരുന്നതായിരിക്കും. ഈ നിയമാവലി പ്രാബല്യത്തിൽ വരുന്നതോടെ അതിരൂപതയിലെ ഗായകസംഘവുമായി ബന്ധപ്പെട്ട മറ്റു നിയമാവലികളും മാർഗ്ഗരേഖകളും നിയമങ്ങളും അതിനാൽ തന്നെ റദ്ദാകുന്നതാണ്.*



ഫാ. ഡൊമിനിക് തലക്കോടൻ

ചാൻസലർ






മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത